"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരെ കാറ്റഗറി VIII-ൽ ഉൾപ്പെടുത്തി 30,385/- രൂപ പ്രതിമാസ കരാർ വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Rt) No.1329/2020/LSGD തീയതി,തിരുവനന്തപുരം, 03/07/2020

---

പരാമർശം:- 1. 27.06.2012-ലെ സ.ഉ.(സാധാ) നം.1772/2012/ത.സ്വ.ഭ.വ.

2. 26.02.2016-ലെ സ.ഉ.(പി) നം.28/2016/ധന.

3. 28.04.2017-ലെ സ.ഉ.(പി) നം.56/2017/ധന.

4. 21.07.2018-ലെ സ.ഉ.(പി.) നം.112/2018/ധന.

5. 11.01.2019-ലെ സർക്കുലർ നം.03/2019/ധന.

6. 09.07.2019-ലെ സ.ഉ.(അച്ചടി) നം.81/2019/ധന.

7. കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി (സി.ഐ.ടി.യു) സമർപ്പിച്ച 15.07.2019-ലെ നിവേദനം.

8. 28.01.2020 -ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/796/2020-E3(DP) നമ്പർ കത്ത്

9. 22.02.2020-ലെ നഗരകാര്യ ഡയറക്ടറുടെ E6-27378/2019 നമ്പർ കത്ത്

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസ്സിസ്റ്റന്റുമാർക്ക്, പരാമർശം (6) ഉത്തരവിലെ കാറ്റഗറി IV-ൽ ഉൾപ്പെടുത്തി, നിലവിൽ 21,850/- രൂപ പ്രതിമാസ കരാർ വേതനമായി അനുവദിച്ചു വരുന്നു. ഇവരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും കണക്കിലെടുത്ത് കാറ്റഗറി IV-ൽ നിന്ന് മാറ്റി വേതന വർദ്ധനവ് അനുവദിക്കണമെന്ന് പരാമർശം (7) പ്രകാരം കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി (സി.ഐ.ടി.യു) അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരാമർശം (8) & (9) പ്രകാരം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദിവസ വേതന/കരാർ അടിസ്ഥാനത്തിലുള്ള നിയമനം സംബന്ധിച്ച് പരാമർശം (2), (3), (4) & (6) ഉത്തരവുകൾ പ്രകാരം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, യോഗ്യതയുടെയും പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരുടെ ശിപാർശയുടെയും അടിസ്ഥാനത്തിലും വേതന വർദ്ധനവ് മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കില്ല എന്ന നിബന്ധനയ്ക്ക് വിധേയമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസ്സിസ്റ്റന്റുമാർക്ക് പരാമർശം (6) ഉത്തരവിലെ കാറ്റഗറി VIII-ൽ ഉൾപ്പെടുത്തി പ്രതിമാസം 30,385/- രൂപ കരാർ വേതനമായി, ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി (CITU), KP-16/418, കലഞ്ഞൂർ ഗവ.ഹയർസെക്കന്ററി സ്കൂളിന് സമീപം, പത്തനംതിട്ട 689694
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.&എസ്. എസ്. എ. / ഇ.&ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
ധനകാര്യ (ഡെവലപ്മെന്റ് -വിങ്ങ് ) വകുപ്പ് (30.03.2020-ലെ ഡെവ.1-32/2020-ധന പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Anjulal
സെക്ഷൻ ഓഫീസർ.